അമ്പലപ്പാറ, ലക്കിടി ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി

137 (587) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഏറ്റവും കൂടുതൽ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന ഗ്രാമ പഞ്ചായത്തുകളാണ് അമ്പലപ്പാറ, ലക്കിടി, പേരൂർ എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അമ്പലപ്പാറ, ലക്കിടി ഗ്രാമ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഒരു സമ്പൂർണ്ണ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നകാര്യം പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ എന്തെല്ലാം പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി എന്ന് വ്യക്തമാക്കുമോ ;

(ഡി) എത്രരൂപ വകയിരുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) എന്നത്തേക്ക് നിർമ്മാണപ്രവർത്തനം ആരംഭിച്ച് പദ്ധതി പൂർത്തിയാക്കാൻ കഴിയും എന്നാണ് കരുതുന്നത് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) അമ്പലപ്പാറ, ലക്കിടി ഗ്രാമ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ഭാരതപ്പുഴ സ്രോതസ്സാക്കി കുടിവെള്ള പദ്ധതി പരിഗണനയിലുണ്ട്. ഈ പദ്ധതിയുടെ സർവ്വെ പ്രവൃത്തികൾ ഐ.പി.ഡി. വിഭാഗം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി അമ്പലപ്പാറ, ലക്കിടി, പേരൂർ പഞ്ചായത്തുകളിൽ സർവ്വെ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷമേ എത്ര തുക ആവശ്യമായിവരുമെന്ന് വ്യക്തമാക്കുവാൻ സാധിക്കുകയുള്ളൂ.

(ഇ) പ്രസ്തുത പദ്ധതിയുടെ വിശദമായ എഞ്ചീനിയറിംഗ് റിപ്പോർട്ട് തയ്യാറാക്കി പദ്ധതിക്കാവശ്യമായ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly